Office of the Chief Engineer
28/10/14
LSGD, Thiruvananthapuram

## കേരള സർക്കാർ

നം. 45023/എബി2/14/തസ്വഭവ

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്
തിരുവനന്തപുരം, തീയതി: 14/10/2014
ഫോൺ: 04712518907

| | |
|---|---|
| CE | [illegible] |
| DCE | |
| EE | |
| AEE | |
| AA | |
| JS | |

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പണികൾ ത്വരിതപ്പെടുത്തുന്നതിനും സുഗമമാക്കുന്നതിനുമായി നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

സൂചന:- ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2011-12 വർഷത്തെ സമാഹൃത റിപ്പോർട്ട്.

.....

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2011-12 വർഷത്തെ സമാഹൃത റിപ്പോർട്ടിന്റെ ഖണ്ഡിക 3.2 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് പ്രവൃത്തികൾ സംബന്ധിച്ച പ്രവർത്തനാവലോകന റിപ്പോർട്ടിൽ മരാമത്ത് പണികളുടെ നടത്തിപ്പിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാർഗ്ഗരേഖയും നിർദ്ദേശങ്ങളും നിയമങ്ങളും പാലിക്കുന്നില്ലെന്ന് പരാമർശിച്ചിരുന്നു. കൂടാതെ മരാമത്ത് പണികളുമായി ബന്ധപ്പെട്ട ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ, എം.ബുക്കുകൾ, ഫയലുകൾ എന്നിവ തൃപ്തികരമായി സൂക്ഷിക്കുന്നില്ല, അളവു പുസ്തകങ്ങൾ ഫയലുകൾക്കൊപ്പം സൂക്ഷിക്കുന്നില്ല, ബിറ്റുമിൻ രജിസ്റ്ററിൽ ഏത് വൗച്ചർ പ്രകാരമാണ് ബിറ്റുമിൻ വാങ്ങിയതെന്ന വിവരം രേഖപ്പെടുത്തുന്നില്ല, പ്രവൃത്തികളുടെ മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല, അളവ് പുസ്തകങ്ങളുടെ സ്റ്റോക്ക് വിവരം കൃത്യമല്ല, ടെൻഡർ സ്വീകരിച്ച തീയതിയും തീരുമാനവും ടെൻഡർ നേടിയ ആളുടെ പേരും ടെണ്ടർ തുറക്കുന്ന സമയത്ത് ഉണ്ടായിരുന്നവരുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തുന്നതിൽ ശ്രദ്ധിക്കുന്നില്ല, അളവ് പുസ്തകങ്ങളുടെ സ്റ്റോക്ക് വിവരം കൃത്യമല്ല തുടങ്ങിയ ന്യൂനതകൾ സംസ്ഥാനത്തെ ഒട്ടു മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കണ്ടെത്തിയിട്ടുണ്ട്. 14/07/2007-ലെ ജി.ഒ (എം.എസ്) 128/07/തസ്വഭവ പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ റോഡുകളെയും ചേർത്ത് ഒരു ശൃംഖല (കണക്ടിവിറ്റി പ്ലാൻ) തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകേണ്ടതാണെങ്കിലും ഒട്ടനവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല എന്ന് കണ്ടെത്തി. റോഡ് ചെയിനേജ് രേഖപ്പെടുത്താൻ സർക്കാർ ഉത്തരവ് നടപ്പിലാക്കിയിട്ടില്ല എന്നും പരിശോധനക്ക് വിധേയമാക്കിയ ഭൂരിഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും 16/01/2010-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 165/10/തസ്വഭവ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല എന്നും കണ്ടെത്തി. പൊതുമരാമത്ത് പണികൾ ഏറ്റെടുക്കുന്നതിന് മുമ്പ് അധികാരപ്പെട്ട സ്ഥാനത്തു നിന്നും സാങ്കേതികാനുമതി തേടേണ്ടതുണ്ട്. എന്നാൽ സാങ്കേതികാനുമതി സംബന്ധിച്ച നടപടിക്രമങ്ങൾ

പാലിക്കുന്നതിൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ശ്രദ്ധിക്കുന്നില്ല എന്ന് കണ്ടെത്തി. 24/07/2007-ലെ ഉത്തരവ് (പി) നം. 183/07/തസ്വഭവ യുടെ ഖണ്ഡിക 6 (12)IV-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള കരാർ വ്യവസ്ഥയിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെ ഗുണമേന്മയും, സുതാര്യതയും ഉറപ്പാക്കുന്നതിന് ഗുണഭോക്താക്കളുടെ കമ്മിറ്റി രൂപീകരിച്ച് മോണിറ്ററിംഗ് ബഹുഭൂരിപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടത്തിയിട്ടില്ല എന്നും ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇപ്രകാരമുള്ള വ്യവസ്ഥകളെക്കുറിച്ച് അജ്ഞരാണെന്നും കണ്ടെത്തി.

ഈ സാഹചര്യത്തിൽ കോർഡിനേഷൻ കമ്മിറ്റി ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(എ) രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ ആഡിറ്റ് ചൂണ്ടിക്കാണിച്ച അപാകതകൾ ആവർത്തിക്കാതിരിക്കാൻ എഞ്ചിനീയർമാരും സെക്രട്ടറിമാരും ശ്രദ്ധിക്കേണ്ടതാണ്. സൂക്ഷിക്കാതിരിക്കുന്ന പക്ഷം സെക്രട്ടറി/ എഞ്ചിനീയർമാർ വ്യക്തിപരമായി ഉത്തരവാദികളായിരിക്കുന്നതാണ്.

(ബി) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനായി പി.എം.ജി.എസ്.വൈ നിബന്ധനകൾ പാലിക്കാവുന്നതാണ്. 28/02/2015-നകം ഈ പ്രവർത്തി പൂർത്തീകരിച്ചിരിക്കേണ്ടതാണ്.

(സി) റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കേണ്ടതും അതിനുള്ള ചെലവ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (നിയന്ത്രണത്തിലുള്ള എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുന്നതിനായി)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (" " )
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം ( " )
ചീഫ് എഞ്ചിനീയർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ധനകാര്യ പരിശോധനാ വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ